III. സബ്മിഷൻ

(1) കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ പുനർനിർമ്മാണ സേനാരൂപീകരണം

ശ്രീ. എം.വി. ജയരാജൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഈ സഭയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ദേശീയ പുനർനിർമ്മാണസേന എന്ന പേരിൽ 80 ലക്ഷം ആർ.എസ്.എസ്. കാരെ റിക്രൂട്ട് ചെയ്യാനുള്ള കേന്ദ്രസർക്കാരിന്റെ പദ്ധതി ഇന്ന് ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ഇൻഡ്യയെ കാവി പുതപ്പിക്കാനുള്ള ബി.ജെ.പി.യുടെ ഗൂഢനീക്കമാണ് ഇത്. ആദ്യ ഘട്ടത്തിൽ, ഈ രാജ്യത്തെ 80 ജില്ലകളിൽ നിന്നായി 8000 പേരെ റിക്രൂട്ട് ചെയ്യുകയും പ്രതിമാസം 1000 രൂപ പ്രതിഫലം നൽകുകയും ചെയ്യുന്നു. 12 കോടി രൂപ ഇതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. കേരളത്തിൽ വയനാട്, കാസർഗോഡ് ജില്ലകളാണ് തെരഞ്ഞെടുത്ത രണ്ട് ജില്ലകൾ. സംഘ്പരിവാറിന്റെ പാഠ്യപദ്ധതിയനുസരിച്ച് 14,000 വിദ്യാഭാരതി വിദ്യാലയങ്ങൾ ഇതിനകം തുടങ്ങികഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസമേഖലയിൽ ആർ.എസ്.എസ്. നുഴഞ്ഞുകയറ്റംപോലെ രാജ്യത്താകെ 80 ജില്ലകളിലായി ഇത്തരമൊരു നുഴഞ്ഞുകയറ്റത്തിലൂടെ 960 കോടി രൂപ സർക്കാരിന്റെ ഖജനാവിൽനിന്നും തട്ടിയെടുക്കാനുള്ള ഒരു നീക്കമാണ്. യുവജനങ്ങളിൽ ദേശീയ ബോധവും സേവന മനോഭാവവും വളർത്താനെന്ന പേരിലാണ് ഇത്തരമൊരു പുനർനിർമ്മാണസേന രൂപീകരിക്കുന്നത്. ഇതിൽ ഏറ്റവും ജനാധിപത്യവിരുദ്ധമായിട്ടുള്ള നടപടി അതിന്റെ ഉദ്ഘാടനമോ രൂപീകരണമോ അതിന്റെ റിക്രൂട്ടുമെന്റോ ഒന്നും സംസ്ഥാന സർക്കാരിനെ അറിയിക്കുന്നില്ലെന്നുള്ളതാണ്. സംസ്ഥാന സർക്കാരിനെ മറികടന്നുകൊണ്ട് ജനാധിപത്യവിരുദ്ധമായിട്ടാണ് ഇത് കേരളത്തിൽ നടപ്പാക്കുന്നത്. ഇതിൽ കേന്ദ്രഗവൺമെന്റ് അതിന്റെ മാനവ വിഭവശേഷി വികസന വകുപ്പും അതുപോലെ യുവജനക്ഷേമ വകുപ്പും ഇറക്കിയിട്ടുള്ള ഒരു സർക്കുലറിൽ പറയുന്ന ഒരു കാര്യം ഞാൻ വായിക്കാം. അത് പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ്. Nehru Yuvak Kendra, an autonomous organisation under the administrative control of Ministry of Human Resource Development has been made the nodel agency for the implementation of the NRC Scheme. വളരെ ഗൗരവത്തോടുകൂടിയാണിത് കാണേണ്ടത്. സംസ്ഥാന സർക്കാരിനെ മറികടന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ നെഹ്റു യുവക് കേന്ദ്രത്തെ ഏൽപ്പിച്ചത്. ഇന്ന് കാസർഗോഡ് സഹകരണ ബാങ്ക് ആഡിറ്റോറിയത്തിൽ വൈകുന്നേരം 4 മണിക്ക് ബി.ജെ.പി. ദേശീയ നിർവാഹക സമിതി അംഗം ശ്രീ. ഒ. രാജഗോപാൽ ഉദ്ഘാടനം ചെയ്യുകയാണ്. കൽപ്പറ്റയിൽ ഇന്ന് രാവിലെ തുടങ്ങിയിട്ടുണ്ടാകും. ബി.ജെ.പി.യുടെ ദേശീയ നേതാവും എ.ബി.വി.പി.യുടെ അഖിലേൻഡ്യാ സെക്രട്ടറിയുമായ മുരളീധരൻ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. യുവമോർച്ചയാണ് അത് സ്പോൺസർ ചെയ്തത്. സംസ്ഥാന സർക്കാരിനെ മറികടന്നുകൊണ്ട് ഇത്തരത്തിലുള്ള ഒരു പദ്ധതി ജനാധിപത്യവിരുദ്ധമായി കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ തന്നെ വഷളാക്കാൻ ഉപകരിക്കുന്ന രീതിയിൽ നടത്തുന്നതിനെതിരെയുള്ള പ്രതിഷേധം ശക്തമായ രീതിയിൽ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, രാജ്യത്തെ 80 പിന്നോക്ക ജില്ലകളെ കേന്ദ്ര സർക്കാർ തെരഞ്ഞെടുത്ത് പ്രസ്തുത ജില്ലകളുടെ വികസന

LIBRARY ARCHIVES Kerala Legislative Assembly

ത്തിനായി ദേശീയ രാഷ്ട്ര പുനർനിർമ്മാണസേന രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ചതായും അതിന്റെ ഔദ്യോഗിക ഉദ്ഘാടനം ഈ മാസം 30-ാം തീയതി നടത്തുന്നതായും കേന്ദ്ര യുവജനക്ഷേമ വകുപ്പു മന്ത്രി കുമാരി ഉമാഭാരതി എന്നെയും കേരള യുവജനക്ഷേമ വകുപ്പുമന്ത്രിയെയും 24.6.1999-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദവിവരങ്ങൾ ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല. ഈ പദ്ധതി കേരളത്തിൽ രൂപീകരിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇതിന്റെ ഉദ്ഘാടനം ജൂൺ മാസം 30-ാം തീയതി വയനാട് ജില്ലയിലെ കല്പറ്റയിൽ വെച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നതായി അറിയുന്നു. എന്നാൽ പദ്ധതിയെക്കുറിച്ച് ഔദ്യോഗിക അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. കാസർഗോഡ്, വയനാട് ജില്ലകളിലാണ് പ്രസ്തുത സേന രൂപീകരിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്.

1999 മേയ് 9-ന് ന്യൂഡൽഹിയിൽ കേന്ദ്ര യുവജനക്ഷേമ വകുപ്പുമന്ത്രിയുമായി സംസ്ഥാന യുവജനക്ഷേമ വകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ കേന്ദ്ര സഹായത്തോടെ നടത്തുന്ന യുവജനക്ഷേമ പരിപാടികളിൽ സംസ്ഥാന യുവജനക്ഷേമ വകുപ്പിന് കാര്യമായി പങ്ക് നൽകാത്തതിൽ അസംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി. നെഹ്റു യുവക് കേന്ദ്രം ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികളും, എൻ.എസ്.എസ്. മുഖേന നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന യുവജനക്ഷേമ വകുപ്പിന്റെ അറിവോടും സമ്മതത്തോടും ആവണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്പോൾ പദ്ധതിയുടെ നടത്തിപ്പിന് ജില്ലകളെ തെരഞ്ഞെടുത്തിരിക്കുന്ന രീതി ഏകപക്ഷീയമാണ്. പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാത്തതിൽ സംസ്ഥാന സർക്കാരിന്റെ ഉത്കണ്ഠ കേന്ദ്ര സർക്കാരിനെ അടിയന്തിരമായി ധരിപ്പിക്കുന്നതാണ്.

ഈ പദ്ധതിക്കായി വോളന്റിയർമാരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം കേരള സർക്കാരിന് അറിയില്ല. രാജ്യത്ത് ഒരു ഇലക്ഷൻ നടക്കാനിരിക്കുന്ന ഈ സന്ദർഭത്തിൽ ഇത്തരം ഒരു പദ്ധതിയുടെ ഉദ്ഘാടനത്തിന്റെ പ്രസക്തിയെപ്പറ്റി പല യുവജന സംഘടനകളും സംശയം പ്രകടിപ്പിക്കുകയും സംസ്ഥാന സർക്കാരിന്റെ അനുമതിയും സഹകരണവും ഇല്ലാതെ ഏകപക്ഷീയമായി തീരുമാനിച്ചതിൽ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(2) പഴവങ്ങാടി ആറുവരിപ്പാതയ്ക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട വ്യാപാരികളുടെ പുനരധിവാസം

ശ്രീ. എ. കണാരൻ : സർ, തിരുവനന്തപുരം ജില്ലയിൽ പഴവങ്ങാടിയിൽ ആറുവരിപ്പാത നിർമ്മിക്കുന്നതിനുവേണ്ടി റോഡിന്റെ ഇരുവശത്തും വളരെ വർഷങ്ങളായി കച്ചവടം നടത്തി വന്ന 109 വ്യാപാരികളുടെ കച്ചവട സ്ഥാപനങ്ങൾ കുടിയൊഴിപ്പിക്കുകയുണ്ടായി. അവർക്ക് പുനരധിവാസം നൽകുമെന്ന് ആറുവരിപ്പാതയുടെ ഉദ്ഘാടന വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2.6.1998-ന് അവിടെ വച്ച് ഉറപ്പു നൽകുകയുണ്ടായി. പുനരധിവാസ പ്രവർത്തനങ്ങൾക്കായി പഴവങ്ങാടിയിൽ തന്നെ വഞ്ചിയൂർ വില്ലേജിലുള്ള സർവേ നമ്പർ 1005, 1006(എ), 1006(സി)-ൽപ്പെട്ട 37 സെന്റ് ഭൂമി ഗവൺമെന്റ് കണ്ടെടുത്തിയിട്ടുള്ളത് ട്രിഡായ്ക്ക് കൈമാറി ഷോപ്പിംഗ് കോംപ്ലെക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്താൽ മുഖ്യമന്ത്രിയുടെ വാക്ക് പാലിക്കാൻ കഴിയും. 27.7.1998-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ ആഫീസിൽ കൂടിയ ഇതുസംബന്ധിച്ച യോഗത്തിൽ ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly